


# ക്രിസ്തുശിഷ്യത്വം - ക്രൂശിക്കപ്പെടാനുള്ള വിളി

ബ്ര. അഭിഷേക് ജോഷി MCBS

മത്തായി 20:17-28

(Vol. 9, Issue 47)

ഇന്ന് നോമ്പുകാലം മൂന്നാം ഞായർ. യേശുവിന്റെ പീഡാനുഭവ-മരണോത്ഥാനത്തെക്കുറിച്ചുള്ള മൂന്നാം പ്രവചനവും അതിനോടുള്ള ശിഷ്യന്മാരുടെ പ്രതികരണവുമാണ് ഇന്നത്തെ വിചിന്തനത്തിനായി സഭാമാതാവ് വചനത്തിലൂടെ പറഞ്ഞുവയ്ക്കുന്നത്. തന്റെ സഹനവഴികൾ ശിഷ്യരുടെ മുമ്പിൽ അനാവരണം ചെയ്യുന്ന ഗുരു. അവ ചെന്നവസാനിക്കുന്നത് സഹനത്തിലും മരണത്തിലും അതിനുശേഷമുള്ള ഉയിർപ്പിലുമാണെന്ന് അവരെ പഠിപ്പിക്കുന്നു. വേദനകളിലൂടെ മാത്രമേ മഹത്വത്തിലേയ്ക്ക് പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂവെന്നും ആ മഹത്വം സ്വന്തമാക്കുവാൻ തന്റെ പാത പിന്തുടരണമെന്നും ഈശോ അവരെ ഉദ്ബോധിപ്പിക്കുന്നു. എന്നാൽ, തികച്ചും വ്യത്യസ്തമായ രീതിയിൽ പ്രതികരിക്കുന്ന രണ്ട് ശിഷ്യന്മാരെ സുവിശേഷകൻ നമ്മുടെ മുമ്പിൽ നിർത്തുന്നു. സഹനവും മരണവും മഹത്വവും സ്വയം നഷ്ടമാക്കലുമെല്ലാം ഇവിടെ ഗുരുമൊഴികളാകുമ്പോൾ തങ്ങൾക്കുണ്ടാകേണ്ട നേട്ടത്തെ ഗുരുസമക്ഷം അവതരിപ്പിക്കുന്ന പരാജിത ശിഷ്യത്വത്തിന്റെ അടയാളങ്ങളായി യാക്കോബും യോഹന്നാനും നിൽക്കുന്നു.

മഹത്വമാർജ്ജിക്കുവാനുള്ള ആഗ്രഹമാണ് സെബദിപുത്രന്മാർ യേശുവിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്. ബൈബിൾ പണ്ഡിതന്മാർ പറയുന്നുണ്ട്; സെബദിപുത്രന്മാരുടെ അഭ്യർത്ഥന അവതരിപ്പിക്കുന്നത് ജറുസലേമിന്റെ പടിവാതിൽക്കൽ വച്ചാണ്. ജറുസലേമിലെത്തുമ്പോൾ യേശു രാജാവായി അഭിഷേകം ചെയ്യപ്പെടും എന്ന മിഥ്യാധാരണയുടെ പുറത്തുനിന്നാണ് അവർ ചോദിക്കുന്നത്. എന്നിരുന്നാലും യഥാർത്ഥ ശിഷ്യവഴിയെക്കുറിച്ച് ഗുരു അവർക്ക് തിരിച്ചറിവ് പകർന്നു കൊടുക്കുകയാണ്. യേശുരാജ്യത്തിൽ ഒന്നാമതാകണമെങ്കിൽ അതിന്റെ മാനദണ്

ഡം ഈ ലോകത്തിന്റെ - പണത്തിന്റെയും അധികാരത്തിന്റെയും സ്ഥാനമാനങ്ങളുടെയും സ്വാധീനത്തിന്റെയും മാനദണ്ഡങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അത് എളിമയോടെയുള്ള സ്വാർത്ഥരഹിതമായ ശുശ്രൂഷയാണ്. ഏറ്റവും ഒടുവിലിരിക്കുന്ന വ്യക്തിയുടെ പോലും പാദങ്ങൾ കഴുകുവാനുള്ള ദാസ്യമനോഭാവത്തോടെ യേശുസന്നിധിയിൽ നിൽക്കാനുള്ള സന്നദ്ധതയാണ്. ആരിൽ ഈ ത്യാഗത്തിന്റെയും മരണത്തിന്റെയും ഇല്ലായ്മയുടെയും അവസാനമെത്താനുള്ള സന്നദ്ധതയുടെയും കരുത്ത് കാണുന്നുവോ അവനാണ് യേശുവഴികളിൽ അവിടുത്തെ അനുധാവനം ചെയ്യുന്ന യഥാർത്ഥ ശിഷ്യൻ. ലോകചരിത്രത്തിന്റെ ആരംഭം മുതൽ നാം കാണുന്ന അധികാരത്തോടും, സ്ഥാനമാനങ്ങളോടുമുള്ള ആസക്തിയുടെ പിൻമുറക്കാരാകാനുള്ളതല്ല യേശുശിഷ്യന്റെ നിയോഗം. അത് ഗുരുവിനെപ്പോലെ കൂടെ ജീവിക്കുന്നവർക്കു വേണ്ടി ശുശ്രൂഷയിലൂടെ മോചനദ്രവ്യമാകാനുള്ള വിളിയാണ്. അവിടെയാണ് ശിഷ്യജീവിതത്തിൽ ഗുരുസ്വപ്നം പൂവണിയുന്നത്.

ദൈവശാസ്ത്രജ്ഞനായ ഡീട്രിച്ച് ബോൻഹോഫർ തന്റെ, "വരിക ക്രൂശിക്കപ്പെടുക" എന്ന ഗ്രന്ഥത്തിൽ പറയുന്ന തുപോലെ, യേശു ഒരുവനെ ശിഷ്യത്വത്തിലേയ്ക്ക് വിളിക്കുമ്പോൾ തന്നോടൊപ്പം ക്രൂശിക്കപ്പെടാനാണ് അവനെ വിളിക്കുന്നത്. ഇങ്ങനെ അവിടുത്തോടൊപ്പം ക്രൂശിക്കപ്പെടുന്ന യേശുശിഷ്യനാണ് വ്യക്തിത്വത്തിന്റെ തനിമയിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന അധികാരമോഹത്തിന്റെ ഇത്തിൾക്കണ്ണികൾ തീർക്കുന്ന ലൗകീകാടിമത്വത്തിന്റെ ക്ഷുദ്രഘടകങ്ങളിൽ നിന്നും സമഗ്രവിമോചനം പ്രാപിച്ച് സ്വർഗ്ഗരാജ്യത്തിന്റെ യേശുശിഷ്യത്വത്തിന്റെ സ്നേഹവിപ്ലവത്തിന്റെ നിതാന്ത സ്വാതന്ത്ര്യത്തിൽ ജീവിക്കാനാവുന്നത്. അപ്പോൾ, ദൈവശാസ്ത്രജ്ഞനായ പാസ്ക്കൽ പറയുന്നതു പോലെ വേദന അല്ലെങ്കിൽ സഹനം ദൈവത്തിന്റെ മകന് തന്റെ ഹൃദയത്തിലേയ്ക്ക് പിതാവായ ദൈവം നൽകുന്ന ഒരു ക്ഷണമായി മാറും.

കുരുശിൽ തൂങ്ങിമരിക്കുന്നിടത്താണ് താൻ രക്ഷകനാകുന്നത് എന്ന് വ്യക്തമാക്കിയ ഈശോ, ശിഷ്യത്വം ഈ കുരിശിന്റെ വഴിയെ നടന്ന് ശുശ്രൂഷയിലൂടെ ഒന്നുമല്ലാതായിത്തീരലിന്റെ വഴിയാണെന്ന് നമ്മുടെ മുമ്പിൽ വ്യക്തമാക്കുന്നു. അതിന് ജീവിതത്തിൽ അപരനെ എന്റെ ശുശ്രൂഷകൻ എന്നതിനെക്കാളുപരിയായി അവന്റെ ജീവന്റെ സമൃദ്ധിയ്ക്കായി എന്റെ ശക്തിയും സാധ്യതകളും ഉപയോഗിക്കാൻ ജീവിതം വച്ചുനീട്ടുന്ന സഹനങ്ങളുടെ മുമ്പിൽ ധീരനായി നിൽക്കാൻ, തോറ്റുമടങ്ങുന്ന സഹോദരജീവിതങ്ങൾക്കു മുമ്പിൽ സ്നേഹത്തിന്റെ സാന്ത്വനമായിത്തീരാൻ ഗുരു ആഹ്വാനം ചെയ്യുന്നു.

ശിഷ്യർ, ശുശ്രൂഷയുടെ പാതയിലാണ് ചരിക്കേണ്ടത്. സ്വാർത്ഥത, ശക്തിപ്രയോഗം, സ്വാധീനിക്കാനുള്ള പ്രവണത എന്നിവയൊക്കെ മനുഷ്യജീവിതത്തിലുണ്ടാവും. പക്ഷെ, അത് ജീവിതലക്ഷ്യമാക്കരുത്. പ്രതിഫലമില്ലാതെ പ്രവർത്തിക്കുന്ന ക്രൈസ്തവന്റെ ജീവിതശൈലിക്ക് മറ്റൊന്നും പകരം വയ്ക്കുന്നില്ല. അർപ്പണമനഃസ്ഥിതിയിൽ സ്വജീവിതം എരിഞ്ഞുതീരുമ്പോഴാണ് ശിഷ്യന്റെ ജീവിതം സഫലമാകുന്നത്. എല്ലാം സ്വന്തമാക്കി വലിയവനാകുക എളുപ്പവും, സ്നേഹിതനു വേണ്ടി ജീവനർപ്പിക്കുക പ്രയാസകരവുമാണ്. പക്ഷെ, ജീവനർപ്പിക്കുക - അപരനായി നൽകുക എന്നതാണ് രക്ഷയുടെ തീർച്ചയുള്ള മാർഗ്ഗം. കുരിശിന്റെ വഴി തന്നെയാണ് ശിഷ്യർക്ക് മഹത്വത്തിലേയ്ക്കുള്ള വഴി. അതുകൊണ്ട്, ശിഷ്യർ ശുശ്രൂഷിക്കപ്പെടാതെ ശുശ്രൂഷിച്ചവനും അനേകർക്കായി മോചനദ്രവ്യവുമായവനെ - യേശുവിന്റെ പാതയെ അനുഗമിക്കാം.